## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 174 — 22-01-2014-ൽ മറുപടിക്ക്.

### മദ്യനയം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):<br>" ബാബു എം. പാലിശ്ശേരി:<br>" പി. കെ. ഗുരുദാസൻ:<br>" സി. കൃഷ്ണൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യനയം രൂപപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയായിരുന്നു; | (എ) സമഗ്ര മദ്യനയം രൂപപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിക്കപ്പെട്ട റിട്ട. ജസ്റ്റിസ് ശ്രീ. എം. രാമചന്ദ്രൻ കമ്മീഷൻ, റിപ്പോർട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ല. പ്രസ്തുത കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) കമ്മീഷൻ മുന്നോട്ടുവെച്ച ശുപാർശകൾ എന്തെല്ലാം; ഇതിൽ അംഗീകരിച്ചവയും തള്ളിക്കളഞ്ഞവയും സംബന്ധിച്ച് വിശദമാക്കാമോ; | (ബി) ചോദ്യം ഉദിക്കുന്നില്ല. |
| (സി) കമ്മീഷനെ നിയോഗിച്ചതിനുശേഷം തുടർന്നുവന്ന മദ്യനയം എന്തായിരുന്നു; വിശദമാക്കാമോ; ഈ സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി ഏതെങ്കിലും ബാർ ലൈസൻസ് റദ്ദു ചെയ്യുകയുണ്ടായോ? | (സി) കമ്മീഷനെ നിയോഗിച്ചശേഷം മദ്യനയത്തിൽ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ, കമ്മീഷൻ റിപ്പോർട്ടിൻമേൽ തീരുമാനമെടുക്കുന്നതുവരെ പുതുതായി ബാർ ലൈസൻസ് നൽകേണ്ടതില്ലെന്ന് തീരുമാനിക്കുകയും, ആയത് സംബന്ധിച്ച ഭേദഗതി, വിദേശമദ്യ ചട്ടത്തിൽ കൊണ്ടു വരുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി ബാർ ലൈസൻസ് ഒന്നുംതന്നെ റദ്ദു ചെയ്തിട്ടില്ല. |

സെക്ഷൻ ആഫീസർ

# അനുബന്ധം

1. ബഹു. ഹൈക്കോടതിയുടെ റിട്ട് അപ്പീൽ 470/12-ലുള്ള വിധിയുടെ പശ്ചാത്തലത്തിലും അതുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ സർക്കാർ ഫയൽ ചെയ്ത 26241 മുതൽ 26243/12 വരെയുള്ള സ്പെഷ്യൽ ലീവ് പെറ്റീഷന്റെ ഇടക്കാല ഉത്തരവിന്റെ പശ്ചാത്തലത്തിലും "ലഹരി വിമുക്ത കേരളം" എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനായി സമഗ്രമായ ഒരു അബ്കാരി നയം രൂപീകരിക്കുന്നതിനുവേണ്ട വിശദാംശങ്ങൾ / മാനദണ്ഡങ്ങൾ എന്നിവ നിർദ്ദേശിക്കുക.
2. ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം, ബാർ ഹോട്ടലുകൾ, കളിസ്ഥലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സമീപം മദ്യഷാപ്പുകൾ തുറക്കുന്നതിനുള്ള ദൂരപരിധി നിശ്ചയിക്കുക തുടങ്ങി മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും കുറയ്ക്കുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുക.
3. വിദേശമദ്യചട്ടപ്രകാരം നൽകിയിട്ടുള്ള ലൈസൻസുകളുടെ പുനഃപരിശോധനയും മദ്യത്തിന്റെ ഉപഭോഗവും ലഭ്യതയും കുറയ്ക്കുക എന്ന ലക്ഷ്യം നേടുന്നതിന് അപേക്ഷ പരിഗണിക്കുന്ന തീയതി സംബന്ധിച്ചതുൾപ്പെടെയുള്ള തടസ്സങ്ങൾ മറികടക്കുന്നതിന് ആവശ്യമായ നിയമപരമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.
4. കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും ഹോട്ടലുകളുടെ നിലവിലുള്ള ക്ലാസിഫിക്കേഷൻ ഘടനയനുസരിച്ചും വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി എഫ്.എൽ.3 ലൈസൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനഃപരിശോധിക്കുക.
5. രണ്ടു നക്ഷത്ര പദവിയില്ലാതെ നിലവിൽ പ്രവർത്തിച്ചു വരുന്ന ബാർ ലൈസൻസുകൾ പുനഃപരിശോധിക്കുന്നതിനും ഇവയുടെ പുതുക്കൽ/ കൈമാറ്റം/പാർട്ണർഷിപ്പ് പുനഃസംഘടന/സ്ഥാനമാറ്റം തുടങ്ങിയവയ്ക്കുള്ള നടപടിക്രമങ്ങൾ പരിഷ്കരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.
6. നിലവിലുള്ള അബ്കാരി നിയമങ്ങളും ചട്ടങ്ങളും സർക്കാരിന്റെ അബ്കാരി നയത്തിന്റെ ലക്ഷ്യത്തിനനുസരിച്ച് പുനഃപരിശോധിക്കുക.
7. കേര കർഷകർ "നീര" ഉല്പാദിപ്പിക്കുന്നതിനുള്ള ആവശ്യവുമായി മുന്നോട്ടു വന്ന സാഹചര്യത്തിൽ ചില ജില്ലകളിൽ കള്ളുഷാപ്പുകൾ ഏറ്റെടുത്ത് നടത്താൻ ആളില്ലാത്ത അവസ്ഥ തരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾക്കുള്ള നിർദ്ദേശങ്ങൾ നൽകുക. കള്ളുഷാപ്പുകളുടെ നിലവിലുള്ള ഗ്രൂപ്പ് ലൈസൻസിംഗ് സമ്പ്രദായം പരിശോധിക്കുകയും കള്ള് വ്യവസായത്തിൽ ബിനാമികളുടെ പ്രവർത്തനങ്ങൾ ഒഴിവാക്കുന്നതിനുമുള്ള നടപടികൾ നിർദ്ദേശിക്കുക.
8. പൊതുജനാരോഗ്യത്തിന് അപകട സാദ്ധ്യത കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ വീര്യം കുറഞ്ഞ മദ്യം കൊണ്ടു വരുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുക.
9. വിദ്യാഭ്യാസ സ്ഥാപനം, ആരാധനാലയം എന്നിവയിൽ നിന്നും ബാർ ഹോട്ടലുകളുടെ ദൂരം അളക്കുന്നതിന് സ്വീകരിക്കേണ്ട സമ്പ്രദായങ്ങളും ആരാധനാലയങ്ങളുടെ നിർവ്വചനവും കോടതി വിധികളുടെ വെളിച്ചത്തിൽ പരിശോധിക്കുന്നതിനും ആയത് യാഥാർത്ഥ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക.
10. ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിതരണത്തിനായി പ്ലാസ്റ്റിക് കുപ്പികളുടെ ഉപയോഗം നിരോധിക്കുന്നതിനും പകരം വീണ്ടും ഉപയോഗിക്കാൻ പറ്റുന്ന ചില്ലു കുപ്പികൾ ഉപയോഗിക്കുന്നത് പരിശോധിക്കുക.
11. ദേശീയ പാതയോരത്ത് മദ്യഷാപ്പുകൾ പ്രവർത്തിക്കുന്നത് മാറ്റുന്നതിനും മദ്യഷാപ്പുകൾക്കുള്ള ലൈസൻസ് നൽകാതിരിക്കുന്നതിനും ലൈസൻസ് നൽകി കഴിഞ്ഞ മദ്യഷാപ്പുകളുടെ കാര്യത്തിൽ ശരിയായ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുക.

Section officer